LIBRARY ARCHIVES Kerala Legislative Assembly

പെരുമ്പാവൂർ ഠൗൺ ബൈപ്പാസ് റോഡ് നിർമ്മാണം

255 (5340) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ ഠൗൺ ബൈപ്പാസ് റോഡിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പെരുമ്പാവൂർ ബൈപ്പാസിനോടൊപ്പം G.O. (Rt) 706/10/ PWD dt. 29-4-2010 പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ ; പുരോഗതി വ്യക്തമാക്കുമോ ;

(സി) സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുനരാരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഈ ബൈപ്പാസിന്റെ അലൈൻമെന്റ് സംബന്ധിച്ച തർക്കങ്ങൾ കോടതികളിലുൾപ്പെടെ തുടർന്ന് വരുന്നതിനാൽ അലൈൻമെന്റിൽ അന്തിമ തീരുമാനമായിട്ടില്ല. ഇതുകാരണം സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കാനും കഴിഞ്ഞിട്ടില്ല.

(ബി) (i) GO(Rt) 706/10/PWD dtd. 29-04-2010 പ്രകാരം ഭരണാനുമതി നൽകിയ 7 പദ്ധതികളിൽ കുമാരനല്ലൂർ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ii) സ്റ്റേഷൻകടവ് പാലത്തിന്റെ നിർമ്മാണം ആരംഭിച്ചെങ്കിലും പണി തടസ്സപ്പെടുകയും പ്രവൃത്തിക്കുള്ള കരാർ അവസാനിപ്പിക്കുകയും ചെയ്യുകയുണ്ടായി. ഇപ്പോൾ ബാക്കി പ്രവൃത്തികൾക്ക് റീ-ടെണ്ടർ ചെയ്തിരിക്കുകയാണ്.

(iii) അഴിമാവ് കടവ് പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി. നഷ്ടപരിഹാര തുക അനുവദിച്ച് 17-7-2015-ൽ ഉത്തരവായിട്ടുണ്ട്.

(iv) മലപ്പുറം ജില്ലയിലെ തിരുനാവായ പാലത്തിന്റെയും നിലമ്പൂർ ബൈപ്പാസിന്റെയും സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടില്ല.

(v) പെരുമൺ പാലം നിർമ്മാണം ഇപ്പോൾ ഏറ്റെടുക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്.

(സി&ഡി) പെരുമ്പാവൂർ ഠൗൺ ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള അലൈൻമെന്റ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിച്ച് അലൈൻമെന്റ് പുനർനിർണ്ണയിച്ചതിനുശേഷംമാത്രമേ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കാനും പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിക്കാനും കഴിയുകയുള്ളൂ.

ദേശീയപാതകളിലെ പ്രധാന ജംഗ്ഷനുകളിൽ ഫ്ലൈ ഓവറുകൾ

256 (5341) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാതകളിൽ ക്രോസ് റോഡുകൾ വന്നുചേരുന്ന പ്രധാന ജംഗ്ഷനുകളിൽ ഫ്ളൈ ഓവറുകൾ നിർമ്മിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ദേശീയ പാതകളിലെ പ്രധാന ജംഗ്ഷനുകൾ കണ്ടെത്തി അവിടങ്ങളിൽ ഫ്ളൈഓവർ നിർമ്മിച്ച് ഗതാഗത തടസ്സവും അപകടങ്ങളും ഒഴിവാക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ദേശീയപാതകൾ നാലുവരിപ്പാതയായി വികസിപ്പിക്കുമ്പോൾ ഗതാഗത തിരക്കും ആവശ്യകതയും കണക്കിലെടുത്ത് പ്രധാന ജംഗ്ഷനുകളിൽ ഫ്ലൈഓവറുകൾ നിർമ്മിക്കുന്നതാണ്.

കല്ല്യാശ്ശേരി മണ്ഡലത്തിലെ കെട്ടിടങ്ങളും റോഡുകളും

257 (5342) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ കെട്ടിടങ്ങളുടെയും പാലങ്ങളുടെയും വിശദാംശം നൽകുമോ ;

(ബി) ഭരണാനുമതി ലഭിച്ചവയിൽ പൂർത്തിയായതും പൂർത്തിയാക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly